# കുട്ടികള്‍ക്കായുള്ള ബൈബിള്‍

അവതരണം



## യേശുവിന്റെ പ്രതിസന്ധി




എഴുതിയത് : Edward Hughes
ഉദാഹരണം : Byron Unger; Lazarus
അംഗികരിച്ചത് : M. Maillot; Sarah S.
Alastair Paterson
തര്‍ജ്ജിമ ചെയുതത് : Rev. Benny
നിര്‍മ്മിച്ചത് : Bible for Children
www.M1914.org

BFC
PO Box 3
Winnipeg, MB R3C 2G1
Canada



©2022 Bible for Children, Inc.
കോപ്പിചെയുവാനം മുദ്രണം ചെയുവാനം അധികാരം ഉണ്ട്.
ഒരിക്കലും വില്‍ക്കരുത്.




യേശു സ്നാനപ്പെട്ടപ്പോള്‍ ദൈവം സംസാരിച്ചു. ദൈവം പറഞ്ഞു, “ഇവന്‍ എന്റെ പ്രിയപുത്രന്‍. ഇവനില്‍ ഞാന്‍ പ്രസാധിച്ചിരിക്കുന്നു.” ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഒരു പ്രാവുപോലെ അവന്റെമേല്‍ ഇറങ്ങിവന്നു.




അതിനു തൊട്ടു
പിന്നാലെ ദൈവത്തിന്റെ
പരിശുദ്ധാത്മാവ് യേശുവിനെ
ഒരു മരുഭൂമിയിലേക്ക് നയിച്ചു.
യേശു അവിടെ
തനിച്ചായിരുന്നു.
3


യേശു നാല്പതു ദിവസം
ഉപവസിച്ചു. എന്നു പറഞ്ഞാൽ
അവൻ ഒരു ഭക്ഷണവും കഴിച്ചില്ല.
അവന് വളരെ വിശന്നു.
4


വന്യമൃഗങ്ങളും അവിടെ ഉായിരുന്നുവെന്ന്
വേദപുസ്തകം പറയുന്നു.
5


യേശുവിനെ പരീക്ഷിക്കുവാൻ
സാത്താൻ വന്നു. പ്ദൈവത്തെ
അനുസരിക്കാതിരിക്കുവാൻ
ഏദെൻതോട്ടത്തിൽ ആദമിനെയും
ഹവ്വയെയും അവൻ പരീക്ഷിച്ചിരുന്നു.
ഇപ്പോൾ യേശുവും
പരീക്ഷിക്കപ്പെടുന്നു.
6


ദൈവപുത്രനായ
യേശുക്രിസ്തുവിനെപ്പോലും
പരീക്ഷിക്കുവാൻ സാത്താൻ
ശ്രമിക്കും.
7


സാത്താൻ പറഞ്ഞു, “നീ ദൈവത്തിന്റെ
പുത്രൻ എങ്കിൽ ഈ കല്ലുകൾ
അപ്പമാക്കിത്തീർക്കുക.” യേശു
വിശന്നിരിക്കുകയാണെന്ന് സാത്താന്
അറിയാമായിരുന്നു. ദൈവപുത്രന് കല്ലുകൾ
അപ്പമാക്കിത്തീർക്കുവാൻ കഴിയുമെന്നും
അവനറിയാം. യേശു സാത്താനെ
അനുസരിക്കുമോ?
8


ഇല്ല! യേശു സാത്താനെ അനുസരിച്ചില്ല. പകരം ദൈവവചനത്തിൽനിന്നു മറുപടി പറഞ്ഞു. “മനുഷ്യൻ അപ്പംകൊ് മാത്രമല്ല, ദൈവത്തിന്റെ വായിൽനിന്ന് വരുന്ന സകല വചനങ്ങൾകൊുമാണ് ജീവിക്കുന്നത്.”
9
പിന്നെ സാത്താൻ യേശുവിനെ നയിച്ചത് യെരൂശലേം പട്ടണത്തിൽ ജനങ്ങൾ ദൈവത്തെ ആരാധിക്കുന്ന വിശുദ്ധ മന്ദിരത്തിലേക്കാണ്. അടുത്തതായി സാത്താൻ എന്തായിരിക്കും ചെയ്യാൻ പോകുന്നത്?
10
“നീ ദൈവത്തിന്റെ പുത്രൻ എങ്കിൽ താഴേക്ക് ചാടുക, ദൈവദൂതന്മാർ നിന്നെ കാക്കുമെന്ന് ദൈവവചനത്തിൽ പറഞ്ഞിട്ടു്.” സാത്താൻ പറഞ്ഞു.
11
“ഇല്ല ഇതുംകൂടെ എഴുതിയിട്ടു്. നിന്റെ ദൈവമായ യഹോവയെ പരീക്ഷിക്കരുത്..”
12
സാത്താൻ പിന്നെയും പരിശ്രമിച്ചുകൊിരുന്നു. അവൻ യേശുവിനെ പട്ടണത്തിന് വെളിയിൽ ഒരു വലിയ മലമുകളിലേക്ക് കൊുപോയി.
13
ഭൂമിയിലെ രാജ്യങ്ങളുടെ സകല മഹത്വവും കാട്ടിക്കൊടുത്തിട്ട് സാത്താൻ പറഞ്ഞു, “ഞാൻ ഇതെല്ലാം നിനക്ക് തരാം, വീണ് എന്നെ ഒന്നു നമസ്കരിക്ക മാത്രം ചെയ്ക.”
14

“എന്നെ വിട്ടുപോ സാത്താനേ, നിന്റെ ദൈവമായ യഹോവയെ നമസ്കരിച്ച് അവനെ മാത്രമെ ആരാധിക്കാവു എന്നെഴുതിയിരിക്കുന്നു” യേശു പറഞ്ഞു.



15

സാത്താൻ കുറച്ചുകാലത്തേക്ക് യേശുവിനെ വിട്ടുപോയി. പിന്നെ അത്ഭുതകരമായ ചിലത് സംഭവിച്ചു. സാത്താനെ അനുസരിക്കാതിരുന്ന തന്റെ പുത്രനായ യേശുവിനെ ശുശ്രൂഷിക്കുവാനും

ആശ്വസിപ്പിക്കുവാനും വേി ദൈവം ദൂതന്മാരെ അയച്ചു.



16

യേശുവിന്റെ പ്രതിസന്ധി

## ദൈവവചനത്തില് നിന്നും ഒരു കഥ.

## ബൈബിളില് നിന്നുംഎടുത്തത്.

മത്തായി 4, ലൂക്കൊസ് 4

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

17

# അവസാനം

38

60

18

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു
പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട്
തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന്
ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ
ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി
മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക്
വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ.
ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി
ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ,
ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക.
യോഹന്നാൻ 3:16

19